# തോമസ് ഐസക്കിന്റെ ഉണ്ടയില്ലാ വെടികൾ

■ *"വിവിധ രാജ്യങ്ങളിലെ ജമാഅത്തെ ഇസ്‌ലാമി ഘടകങ്ങൾ വ്യത്യസ്തമാണെങ്കിലും ആശയപരമായി അടിത്തറ ഒന്നാണ്. ആർ.എസ്.എസ്സിന്റെ ഹൈന്ദവരാഷ്ട്ര സങ്കൽപം പോലെത്തന്നെ ജമാഅത്തെ ഇസ്‌ലാമി മുന്നോട്ടുവെക്കുന്നത് ഇസ്‌ലാമിക രാഷ്ട്ര സങ്കൽപമാണ്. രണ്ടും ഒരുപോലെയാണെങ്കിലും ഇന്ത്യയിൽ ഇസ്‌ലാമിക രാഷ്ട്രസങ്കൽപം എത്ര വിചാരിച്ചാലും നടക്കില്ല. അതേസമയം ആർ.എസ്.എസ്സിന്റെ ലക്ഷ്യത്തെ അങ്ങനെ കരുതാൻ വയ്യ. തീവ്രമായ ഇടതുപക്ഷ മനസ്സുള്ള കേരളത്തിൽ സ്വന്തമായ ഇടം നേടാനുള്ള ശ്രമമാണ് ജമാഅത്തെ ഇസ്‌ലാമിയുടേത്. മുഖപത്രമായ* പ്രബോധനത്തിലൂടെ *പറയുന്ന കാര്യങ്ങൾ വായിക്കാൻ ആളെ കിട്ടാത്തതിനാലാണ്* മാധ്യമത്തിലൂടെ *പൊതുസമ്മതി നേടാൻ ശ്രമിക്കുന്നത്. അങ്ങേയറ്റം യാഥാസ്ഥിതിക വീക്ഷണവും സ്ത്രീവിരുദ്ധ നിലപാടുമുള്ളവർ കേരളത്തിൽ സ്ത്രീവിമോചകരുടെ വേഷമണിഞ്ഞ് പെൺ പതിപ്പുകൾ പുറത്തിറക്കുന്നു"– തൃശ്ശൂർ ബ്രഹ്മസ്വം മഠം ഓഡിറ്റോറിയത്തിൽ നടന്ന ഇ.എം.എസ് സ്മൃതിയിൽ 'ഇ.എം.എസ്സും മാധ്യമങ്ങളും' എന്ന വിഷയത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിച്ച മന്ത്രി തോമസ് ഐസക്കിന്റെ വാക്കുകൾ. മുജീബിന്റെ പ്രതികരണം?*

***സി.കെ ഹാശിം റഷീദ് ഉളിയിൽ***

**വി**വിധ രാജ്യങ്ങളിൽ കമ്യൂണിസ്റ്റ് പാർട്ടികൾ പ്രവർത്തിക്കുന്ന പോലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളും പ്രവർത്തിക്കുന്നു. പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമി, ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമി, ശ്രീലങ്ക ജമാഅത്തെ ഇസ്‌ലാമി എന്നിവ ഉദാഹരണം. ഇവയുമായൊന്നും ബന്ധമില്ലാതെ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് ഇന്ത്യയിലും പ്രവർത്തിക്കുന്നു. ഇവയുടെ എന്നല്ല ലോകത്തുള്ള എല്ലാ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെയും ആശയപരമായ അടിത്തറ ഒന്നാണ്; എല്ലാ രാജ്യങ്ങളിലെയും കമ്യൂണിസ്റ്റ് പാർട്ടികളുടെ അടിത്തറ ഒന്നായപോലെതന്നെ. ഒരേ ആദർശത്തിനായി നിലകൊള്ളുന്ന വിവിധ സംഘടനകൾക്കും പാർട്ടികൾക്കും വിവിധ രാജ്യങ്ങളിൽ പ്രവർത്തിച്ചുകൂടെന്ന് ഒരു നിയമവും ഒരു വ്യവസ്ഥയും ഇല്ല.

ആർ.എസ്.എസ് മുന്നോട്ടുവെക്കുന്ന ഹിന്ദുരാഷ്ട്രസങ്കൽപം ഹിന്ദുത്വ ദേശീയതയിലാണ് ഊന്നുന്നത്, ധാർമികാധ്യാപനങ്ങളിലല്ല. ദേശീയതയിലല്ല, മാനവികതയിലും ധാർമികതയിലും അധിഷ്ഠിതമാണ് ഇസ്‌ലാമിക രാഷ്ട്ര സങ്കൽപം. ഹിന്ദുത്വ ദേശീയവാദികൾ മിലിറ്റൻസിയെ ലക്ഷ്യപ്രാപ്തിക്കുള്ള മാർഗമായി അംഗീകരിക്കുമ്പോൾ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ മിലിറ്റൻസിയെ പാടെ നിരാകരിക്കുന്നു. ജനാധിപത്യപരമായ പ്രബോധന പ്രചാരണങ്ങളെ മാത്രം അംഗീകരിക്കുകയും ചെയ്യുന്നു.

തീവ്രമായ ഇടതുപക്ഷ മനസ്സാണ് കേരളത്തിന്റേതെങ്കിൽ പിന്നെയെന്തിനാണ് തോമസ് ഐസക്കിന്റെ പാർട്ടി വലതുപക്ഷ നയപരിപാടികൾ പിന്തുടരുന്നത്? സാമ്രാജ്യത്വ വിരോധത്തിലും ആഗോളീകരണ നിരാകരണത്തിലും വെള്ളം ചേർക്കുന്നത്? കേരളത്തിന്റെ മനസ്സ് ഇടത്തോ വലത്തോ എന്നത് ജമാഅത്തെ ഇസ്‌ലാമിക്ക് പ്രശ്നമല്ല. സത്യാന്വേഷികളായ ആരുടെ മുമ്പിലും ജമാഅത്തെ ഇസ്‌ലാമി അതിന്റെ ആശയാദർശങ്ങൾ അവതരിപ്പിക്കുന്നു. മുഖപത്രമായ *പ്രബോധന*ത്തിലൂടെയും പുസ്തകങ്ങളിലൂടെയും തന്നെയാണ് മുഖ്യമായും ബോധവത്കരണം നടത്തുന്നത്. സി.പി.എമ്മിന്റെ

*ചിന്ത*യേക്കാൾ കൂടുതൽ *പ്രബോധനം* ജനങ്ങൾ വായിക്കുന്നുണ്ട്. അതുകൊണ്ടാണ് സാക്ഷാൽ ഇ.എം.എസ്സിനു പോലും അതിലെ പരാമർശങ്ങൾക്ക് മറുപടി പറയേണ്ടിവന്നത്. *മാധ്യമം* ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശ പ്രചാരണത്തിന് തുടങ്ങിയ പത്രമല്ല. സത്യസന്ധമായി ആരുടെയും വാർത്തകൾ വായനക്കാർക്ക് നൽകുന്നതോടൊപ്പം ജനകീയ പ്രശ്നങ്ങളിൽ നീതിയുടെ പക്ഷം ചേർന്ന് നിൽക്കുകയാണ് *മാധ്യമം* ഏറ്റെടുത്ത ദൗത്യം. രണ്ട് പതിറ്റാണ്ടിനകം പത്രം നേടിയെടുത്ത ജനസമ്മിതി തോമസ് ഐസക്കിന്റെ പാർട്ടിയെ വലുതായി അലോസരപ്പെടുത്തുന്നതിന്റെ കൂടി ഫലമാണ് ഇപ്പോഴത്തെ കോലാഹലം.

'സ്ത്രീകളെ പുരുഷന്മാർക്ക് തുല്യം ഉയർത്തുന്നതിൽ നാം വിജയിച്ചു; അവരെ സ്ത്രീകളാക്കുന്നതിൽ പക്ഷേ നാം പരാജയപ്പെട്ടു' എന്നാണ് സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ അവസാനത്തെ പ്രഥമ സെക്രട്ടറി മിഖായേൽ ഗോർബച്ചേവ് *പെരിസ്ട്രോയ്ക്ക*യിൽ ചൂണ്ടിക്കാട്ടിയത്. ആ തെറ്റ് സംഭവിക്കരുതെന്ന് നിർബന്ധമുള്ള ജമാഅത്തെ ഇസ്‌ലാമി സ്ത്രീകളെ സ്ത്രീകളായി നിലനിർത്തിക്കൊണ്ടുതന്നെ അവർക്ക് പുരുഷന്മാർക്ക് തുല്യമായ നീതി ലഭ്യമാക്കാനുതകുന്ന നയനിലപാടുകൾ സ്വീകരിക്കുന്നു. അതിന് സ്ത്രീകളിൽനിന്നുതന്നെ ലഭിക്കുന്ന വൻ പിന്തുണയാണ് ഐസക്കിന്റെ പാർട്ടിയെയും മതയാഥാസ്ഥിതിക സംഘടനകളെയും മുസ്‌ലിം ലീഗിനെയും ഒരുപോലെ ബേജാറാക്കുന്നത്. സ്ത്രീകൾ പള്ളിയിൽ പോലും പോവുന്നതും പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതും സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുന്നതും ഹറാമാക്കിയ കാന്തപുരം അബൂബക്കർ മുസ്‌ലിയാരെയും കൂടെ കൂട്ടി സി.പി.എം നടത്തുന്ന വനിതാ വിമോചനം അസൂയാർഹമായിരിക്കുന്നു!

ആകപ്പാടെ ജമാഅത്തെ ഇസ്‌ലാമിയെ എങ്ങനെയും ആക്രമിക്കണമെന്ന് രാഷ്ട്രീയ കാരണങ്ങളാൽ തീരുമാനിച്ച സി.പി.എം നേതൃത്വം പരിഹാസ്യവും സ്വയംപ്രതിക്കൂട്ടിൽ കയറ്റുന്നതുമായ വാദഗതികളാണ് ഉയർത്തുന്നത്.

## പാടം നികത്തിയെന്ന് മന്ത്രി കരീം

■ *പരിസ്ഥിതി പ്രേമം പറയുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ ചില സ്ഥാപനങ്ങളും പള്ളികളും പാടം നികത്തി ഉണ്ടാക്കിയതാണ് എന്ന് കൈരളി പീപ്പ്ൾ ടി.വിയിൽ ഒരു പരിപാടിയിൽ സംസ്ഥാന വ്യവസായമന്ത്രി എളമരം കരീം പറഞ്ഞുകേട്ടു. എന്തെങ്കിലും വാസ്തവമുണ്ടോ?*

***പി. റഫീഖ് അലനല്ലൂർ***

**കേ**രളത്തിൽ ഒമ്പത് ലക്ഷം ഹെക്ടർ ഉണ്ടായിരുന്ന നെൽപാടങ്ങൾ രണ്ടര ലക്ഷമായി ചുരുങ്ങിയത് സിംഹഭാഗവും നികത്തി കെട്ടിടങ്ങളും റോഡുകളും കൃഷിഫാമുകളും കളിക്കളങ്ങളും നിർമിച്ചതുകൊണ്ടാണ്. അങ്ങനെ നികത്തിയ പാടങ്ങൾ ഇനി ജമാഅത്ത് മാത്രമല്ല ആര് വിചാരിച്ചാലും പൂർവസ്ഥിതിയിലേക്ക് കൊണ്ടുപോവാനാവില്ല. ഇതിൽനിന്ന് അപൂർവം ചിലത് ജമാഅത്തുമായി ബന്ധമുള്ള ട്രസ്റ്റുകളും കമ്മിറ്റികളും വാങ്ങി പള്ളികളോ സ്കൂളുകളോ നിർമിച്ചിരിക്കും. പുതുതായി അനുമതിയില്ലാതെ പാടം നികത്തുന്നതിനാണ് ഇവിടെ വിലക്കുള്ളത്. ജമാഅത്തുകാർ ആ വിലക്ക് ലംഘിച്ചതായി മന്ത്രി കരീം ചൂണ്ടിക്കാട്ടിയിട്ടില്ല. അദ്ദേഹത്തിന്റെ പാർട്ടി പരക്കെ പാടം നികത്തിയിട്ടുണ്ട് താനും.

## ഹുസൈൻ മടവൂരും!

■ *കോഴിക്കോട്: ജമാഅത്തെ ഇസ്‌ലാമി വികലമായ രാഷ്ട്രീയ കാഴ്ചപ്പാടുകൾക്ക് ഇസ്‌ലാമിന്റെ മുഖം നൽകാൻ ശ്രമിച്ചത് മുസ്‌ലിം സമുദായത്തെ പൊതുസമൂഹത്തിൽ തെറ്റിദ്ധരിക്കാൻ ഇടവരുത്തിയതായും കഴിഞ്ഞ അറുപത് വർഷമായി ഇസ്‌ലാമിന്റെ പേര് ദുരുപയോഗം ചെയ്ത് അവസരവാദ രാഷ്ട്രീയം കളിക്കുകയായിരുന്നുവെന്നും കെ.എൻ.എം സംസ്ഥാന സമ്പൂർണ കൗൺസിൽ സമ്മേളനത്തിൽ ഇന്ത്യൻ ഇസ്‌ലാഹി മൂവ്മെന്റ് ദേശീയ ജനറൽ സെക്രട്ടറി ഹുസൈൻ മടവൂർ പറഞ്ഞു (മാധ്യമം 2010 ജൂൺ 13). മുജീബിന്റെ പ്രതികരണം?*

***ബിച്ചു ദാറുസ്സലാം സലാല***

**താ**നായിട്ട് ഇനി മാറിനിൽക്കേണ്ട എന്ന് കരുതിയാവാം മൗലവി ഹുസൈൻ മടവൂരും ജമാഅത്തെ ഇസ്‌ലാമിയെ കല്ലെറിയാൻ കിട്ടിയ അവസരം ഉപയോഗിച്ചത്. തന്റെ നേതൃത്വത്തിലുള്ള ഗ്രൂപ്പ് മുജാഹിദ് പ്രസ്ഥാനത്തെ പിളർത്തിയത് ജമാഅത്തെ ഇസ്‌ലാമിക്കും ഇഖ്‌വാനുൽ മുസ്‌ലി

മൂനും വേണ്ടിയാണെന്ന ഔദ്യോഗിക വിഭാഗത്തിന്റെ ആരോപണം ശരിയല്ല എന്ന തെളിയിക്കാനുമാവാം. രണ്ടായാലും താൻ നന്നായി മനസ്സിലാക്കിയ ജമാഅത്തെ ഇസ്‌ലാമിയെ സ്വന്തം മനസ്സാക്ഷിക്ക് വിരുദ്ധമായാണ് അദ്ദേഹം കുറ്റപ്പെടുത്തിയതെന്ന് തീർച്ച.

ഒന്നാമതായി ഇവരൊക്കെ ആലോചിക്കേണ്ട കാര്യം 'ഇല്ലാത്ത രാഷ്ട്രീയം' ഇസ്‌ലാമിന്റെ പേരിൽ അടിച്ചേൽപിച്ചതുകൊണ്ട് എന്ത് നേട്ടമാണ് ജമാഅത്തെ ഇസ്‌ലാമിക്ക് ലഭിക്കാനുള്ളത് എന്നാണ്. ഇവരെപ്പോലെ ഇസ്‌ലാം കേവലം ഒരു മതമാണെന്ന് തീരുമാനിച്ച് ഒരു മതസംഘടനയുടെ ലേബലും സ്വീകരിച്ച് മതകാര്യങ്ങളും സ്ഥാപനങ്ങളും പള്ളികളുമായിരിക്കാൻ ജമാഅത്തിന് ആരാണ് തടസ്സം? ഇഷ്ടമുള്ള പാർട്ടിയിൽ ചേരാം, ആനുകൂല്യങ്ങൾ കൈപറ്റാം, രാഷ്ട്രീയ പാർട്ടികളുടെ ഒരെതിർപ്പും നേരിടുകയില്ലെന്ന് മാത്രമല്ല വേണ്ടുവോളം തലോടലും ലഭിക്കും. അതൊക്കെ വേണ്ടെന്ന് വെച്ച്, തികച്ചും പ്രതികൂലമായ സാഹചര്യങ്ങളിൽ നാനാ ഭാഗത്ത് നിന്നുമുള്ള എതിർപ്പുകൾ ഏറ്റു വാങ്ങി അതിസാഹസികമായി ഒരു സംഘടന മുന്നോട്ടു പോവണമെങ്കിൽ അതിന് മതിയായ നീതീകരണവും കാരണവും വേണ്ടേ?

അതുള്ളതുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമി വ്യതിരിക്തമായ ലക്ഷ്യവും മാർഗവും സ്വീകരിച്ചിരിക്കുന്നത്. വിശ്വാസപരമോ കർമശാസ്ത്രപരമോ ആയ മദ്ഹബുകളിലൊന്ന് സ്വീകരിച്ച് തദടിസ്ഥാനത്തിൽ സംഘടനയുണ്ടാക്കി സർവശക്തിയും ആ മദ്ഹബിനെയും സംഘടനയെയും ശക്തിപ്പെടുത്താൻ ഉപയോഗിക്കുന്നതിനു പകരം, ഖുർആനും സുന്നത്തും അനുശാസിക്കുന്ന വിശാലമായ ജീവിതദർശനത്തെ ആധാരമാക്കി തദടിസ്ഥാനത്തിൽ ഒരു സാമൂഹികക്രമം ഉണ്ടാക്കിയെടുക്കാനാണ് ജമാഅത്തിന്റെ ശ്രമം. അതിനായി അത് ഇസ്‌ലാമിനെക്കുറിച്ച് തീരെ അജ്ഞരായവരിൽ അടിസ്ഥാന തത്ത്വങ്ങളെക്കുറിച്ച് പ്രബോധനം നടത്തുന്നു, സാമ്പ്രദായിക മുസ്‌ലിംകളെ കഴിവതും ഇസ്‌ലാമിക ജീവിതം നയിക്കാൻ പ്രേരിപ്പിക്കുന്നു, സമകാലിക തിന്മകൾക്കെതിരെ പോരാടുന്നു, പീഡിത ജനവിഭാഗങ്ങൾക്കായി സമരം ചെയ്യുന്നു. ഇതൊക്കെയും പ്രവാചക മാതൃകയല്ലെന്ന് തെളിയിക്കാൻ ഒരു മടവൂരിനും സാധ്യമല്ല. കുടിവെള്ളത്തിലും ആഹാരത്തിലും വേഷത്തിലും പാർപ്പിടത്തിലും വിദ്യാഭ്യാസത്തിലും ആരോഗ്യ പരിപാലനത്തിലും തൊഴിലിലുമടക്കം രാഷ്ട്രീയമുണ്ടെന്നിരിക്കെ തികച്ചും ഇസ്‌ലാമികാധ്യാപനങ്ങളുടെ വെളിച്ചത്തിൽ ആ രാഷ്ട്രീയത്തിൽ നിലപാട് സ്വീകരിക്കുന്നതെങ്ങനെ ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കലും വികലമാക്കലുമാവും? ഒരു പ്രത്യേക വിഷയമെടുത്തു കാട്ടി അക്കാര്യത്തിൽ ജമാഅത്തിന്റെ നിലപാട് ശരിയല്ലെന്ന് പറയുന്നത് മനസ്സിലാക്കാനാവും; സംവാദവുമാവാം. അതിന് മുതിരാതെ മൊത്തമായി ആറ് പതിറ്റാണ്ടുകാലം ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു എന്ന് വാദിച്ചാൽ മതേതര നാട്യക്കാരുടെ കൈയടി കിട്ടും എന്നല്ലാതെ ഇസ്‌ലാമിനോടുള്ള ഗുണകാംക്ഷയായി അത് കണക്കാക്കാനാവില്ല. റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമി അഥവാ മുസ്‌ലിം വേൾഡ് ലീഗ് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ സൃഷ്ടിയാണെന്നാണ് കെ.ടി കുഞ്ഞിക്കണ്ണൻ *ദേശാഭിമാനി*യിൽ എഴുതിപ്പിടിപ്പിച്ചിരിക്കുന്നത് (ജൂൺ 24). റാബിത്വയുമായി അഗാധവും അഭേദ്യവുമായി ബന്ധം പുലർത്തുന്ന മടവൂരിനെ പോലുള്ള സലഫി പണ്ഡിതന്മാർ അതും ജമാഅത്തിന്റെ വൈകല്യം കൊണ്ടാണെന്ന് കണ്ടെത്തുമോ?

## അവയവ ദാനം

■ *"മതനിയമങ്ങൾ കർക്കശമായതിനാൽ ഇസ്‌ലാം നാമധാരികളാരും തന്നെ കണ്ണോ മറ്റവയവങ്ങളോ ശരീരം തന്നെയോ ദാനം ചെയ്യാറില്ല.... ആരുടെയെങ്കിലും നേത്രപടലം സ്വീകരിച്ച് അന്ധത മാറ്റുന്നതിന് മതം എതിരാണെങ്കിലും അതു നടക്കാറില്ല" (കുരീപ്പുഴ ശ്രീകുമാർ, പച്ചക്കുതിര 2010 മേയ്). "........ ഇറാനിൽ രാജ്യം തന്നെ ദാതാവിന്റെ അവയവം സ്വീകരിക്കുകയും നഷ്ടപരിഹാരം നൽകുകയും മുൻഗണനാക്രമത്തിൽ രോഗികൾക്ക് വെച്ചുപിടിപ്പിക്കാനായി ദാനം ചെയ്യുകയും ചെയ്യുന്നതായി അറിയാം" (ഡോ. ഷെർലി വാസു, പച്ചക്കുതിര 2010 ജൂൺ). മുജീബിന്റെ പ്രതികരണം?*

***എൻ.പി ഫർഹാൻ തൃക്കരിപ്പൂർ***

പ്രവാചക കാലഘട്ടത്തിൽ അവയവങ്ങളുടെ മാറ്റിവെപ്പ് ഉണ്ടായിരുന്നില്ല. അതിനാൽ അതേപ്പറ്റി ഖുർആനിലും സുന്നത്തിലും പ്രത്യക്ഷ നിർദേശങ്ങളുമില്ല. എന്നാൽ എക്കാലത്തും പ്രസക്തവും പ്രധാനവുമായ ചില തത്ത്വങ്ങളുണ്ട്. അതിലേറ്റവും ശ്രദ്ധേയമാണ് മനുഷ്യ ജീവന്റെ വിലയും മനുഷ്യനെ അല്ലാഹു ആദരിച്ചു എന്ന പ്രസ്താവനയും. വല്ലവനും ഒരു മനുഷ്യാത്മാവിനെ ജീവിപ്പിച്ചാൽ– ജീവൻ നിലനിർത്താനാവശ്യമായ സാഹചര്യം സൃഷ്ടിച്ചാൽ– അവൻ മുഴുവൻ മനുഷ്യർക്കും

ജീവൻ നൽകിയതിന് തുല്യമാണ് എന്ന ഖുർആനികാധ്യാപനമാണ് ഇതിന്നാധാരം. തദടിസ്ഥാനത്തിൽ കിഡ്നി, കരൾ മുതലായ അവയവങ്ങളുടെ ദാനത്തിനും മാറ്റിവെക്കലിനും അനുകൂലാഭിപ്രായമാണ് സമകാലിക പണ്ഡിതന്മാർ പ്രകടിപ്പിച്ചിരിക്കുന്നത്. എന്നാൽ വിൽപനയെ ആരെങ്കിലും അനുകൂലിച്ചതായി അറിയില്ല.

## പേരു മാറ്റം

■ *മതേതര ഇന്ത്യയിൽ രണ്ടു തവണ നിരോധിക്കപ്പെട്ട ഇസ്‌ലാമിക പ്രസ്ഥാനത്തിന് ഇന്ത്യയിലെ പരമോന്നത നീതിപീഠം ഇതുവരെ വർഗീയമായി ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തതിന് തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി പ്രവർത്തിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഒരു പക്ഷേ ഇന്ത്യയിലെ വേറെ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിക്കോ മതസംഘടനകൾക്കോ ലഭിക്കാത്ത അംഗീകാരം. എന്നാൽ ഇപ്പോഴും ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെയോ മതേതര സാംസ്കാരിക സംഘടനയുടെയോ കൂടെ ചേർത്തു പറയാൻ പറ്റാത്ത പേരാണ് ഇസ്‌ലാമിക പ്രസ്ഥാനം സ്വീകരിച്ചിരിക്കുന്നത്. ജമാഅത്തെ ഇസ്‌ലാമി എന്ന പേരിന് പകരം ഇന്ത്യൻ സാഹചര്യത്തിന് ഇണങ്ങുന്ന ഒരു പേര് സ്വീകരിക്കുന്നതായിരിക്കില്ലേ ഉചിതം?*

***കെ.ടി ഹനീഫ നടുവട്ടം***

**ഇ**സ്‌ലാമിന്റെ പ്രബോധനത്തിനും സംസ്ഥാപനത്തിനും വേണ്ടി നിലകൊള്ളുന്ന ഒരു സംഘടനക്ക് 'ഇസ്‌ലാമിക സംഘടന' എന്നർഥമുള്ള ജമാഅത്തെ ഇസ്‌ലാമി എന്ന പേരുതന്നെയല്ലേ ഉചിതം? ജമാഅത്ത് രാഷ്ട്രീയ പാർട്ടിയാവാൻ ഉദ്ദേശിക്കുന്നുമില്ല. രാഷ്ട്രീയ പാർട്ടി പ്രത്യേകമായി രൂപവത്കരിക്കുമ്പോൾ ഉചിതമായ പേര് ബന്ധപ്പെട്ടവർ സ്വീകരിച്ചുകൊള്ളും.

## കുടിപ്പകയുടെ തുറന്ന പ്രകടനം

■ *"ജമാഅത്ത് പരിവാർ കാൽനൂറ്റാണ്ടിലേറെയായി താലോലിക്കുന്ന മുസ്‌ലിം-ദലിത്- പിന്നാക്ക ഐക്യം എന്ന വർഗേതര ആശയത്തെ പു.ക.സയിലൂടെയും അല്ലാതെയും സി.പി.എമ്മിലേക്ക് കടത്തിക്കൊണ്ടുപോകാനാണ് പത്തു വർഷത്തിലധികമായി അവർ യത്നിക്കുന്നത്, അതായത് സി.പി.എമ്മിൽനിന്നുകൊണ്ട് ജമാഅത്തിന്റെ മതലക്ഷ്യാധിഷ്ഠിത സ്വത്വരാഷ്ട്രീയത്തിന് മതേതര മുഖം നൽകുകയും അതുവഴി ആ ആശയത്തിന് കൂടുതൽ പൊതുസ്വീകാര്യത ഉറപ്പാക്കുകയും ചെയ്യാനുള്ള ആസൂത്രിത ശ്രമമത്രെ കുഞ്ഞഹമ്മദ്-പോക്കർമാരിൽനിന്നുണ്ടായത്" (ഹമീദ് ചേന്ദമംഗല്ലൂർ, 'മൗദൂദിസത്തിന്റെ മാർക്സിസ്റ്റ് വാളുകൾ'- മാതൃഭൂമി ആഴ്ചപ്പതിപ്പ് ജൂൺ 13, 2010). മുജീബിന്റെ പ്രതികരണം?*

***സുബൈർ മണലൊടി കിണാശ്ശേരി***

**പ്ര**ഖ്യാപിത നാസ്തികരും നിർമതവാദികളും മാർക്സിസ്റ്റുകളുമായ കെ.ഇ.എൻ, പി.കെ പോക്കർ എന്നിവർ ഇസ്‌ലാമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിയുടെ ഏജന്റുമാരെന്ന വാദം അവരോട് കുടിപ്പക തീർക്കാനുള്ള ഹീനശ്രമം മാത്രമാണ്. പത്തു കൊല്ലമായി തനിക്ക് സി.പി.എം അയിത്തം കൽപിക്കാൻ ഹേതുഭൂതർ മേൽപറഞ്ഞവരാണെന്ന് ഹമീദ് ശരിയായോ തെറ്റായോ ധരിക്കുന്നു. സി.പി.എമ്മിന്റെ അവസരവാദ രാഷ്ട്രീയമല്ലാതെ ഇത്തരം കാര്യങ്ങളുടെ പിന്നിൽ മറ്റൊന്നും പ്രവർത്തിക്കുന്നില്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? ഇനിയുമൊരു ഘട്ടത്തിൽ വേണ്ടിവന്നാൽ ഹമീദിനെ തഴയും, വേറെ ചിലരെ കൊണ്ടുവരും. രാമൻ പിള്ളയെ പോലും സ്വന്തമാക്കിയ പാർട്ടിയല്ലേ? സി.പി.എമ്മിന്റെ അംഗീകാരവും തിരസ്കാരവുമൊക്കെ വലിയ കാര്യമാണെന്ന് വിശ്വസിക്കുന്നവർക്കാണ് ഇതൊക്കെ പ്രശ്നമാവുന്നത്.പി.കെ പോക്കരും കെ.ഇ.എന്നുമാകട്ടെ ജമാഅത്തെ ഇസ്‌ലാമിയെ ഒരിക്കൽ കൂടി തള്ളിപ്പറഞ്ഞ് പിണറായിയോടുള്ള കൂറ് തെളിയിച്ചിരിക്കെ അവർക്ക് ശാപമോക്ഷം ലഭിക്കാനും സാധ്യത ഏറെയാണ്. അങ്ങനെ വരുമ്പോൾ മുസ്‌ലിം ലീഗിനെയും എൽ.ഡി.എഫിനെയും ഒരുപോലെ പിണക്കാതെ ജമാഅത്തെ ഇസ്‌ലാമിയെ മാത്രം ടാർജറ്റ് ചെയ്യുന്ന ഹമീദും, മുസ്‌ലിം ലീഗിനെക്കൂടി പ്രതിക്കൂട്ടിൽ കയറ്റുന്ന കെ.ഇ.എൻ-പോക്കർ ടീമും തമ്മിലുള്ള പോര് മൂർച്ചിക്കുമ്പോൾ പാർട്ടി ആരോടൊപ്പം എന്നത് കാണാനിരിക്കുന്നേയുള്ളൂ. മാറി നിന്ന് വീക്ഷിക്കുന്നവർക്ക് ചിരിക്കാൻ ഓരോ കാര്യങ്ങളേയ്! ■